# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2509 09.03.2017-**ൽ** മറുപടിയ്ക്ക്

### വയനാട്ടിലെ കാട്ടുകളിൽ രൂക്ഷമായ കാട്ടുതീ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഒ.ആർ.കേളു** | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) വയനാട്ടിലെ കാട്ടുകൾ രൂക്ഷമായ കാട്ടുതീ ഭീതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കാട്ടുതീ തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്; | (ബി) വയനാട് വന്യജീവി സങ്കേതം രൂക്ഷമായ വരൾച്ചയും കാട്ടുതീ ഭീഷണിയും അഭിമുഖീകരിക്കുന്നുണ്ട്. 16.02.2017-ൽ കർണ്ണാടകയിലെ ബന്ദിപ്പൂർ ടൈഗർ റിസർവ്വിൽ കാട്ടുതീ പടർന്നു പിടിക്കുകയും വയനാട് ജില്ലയുടെ കിഴക്കൻ അതിർത്തിയിലേയ്ക്ക് ബന്ദിപ്പൂരിൽ നിന്നും പടർന്ന തീ വയനാട് വന്യജീവി സങ്കേതത്തിന്റെ അതിർത്തിയിലേയ്ക്ക് എത്തുകയും കേരള വനംവകുപ്പുദ്യോഗസ്ഥരുടെ രാപ്പകൽ ഭേദമന്യേയുള്ള ശ്രമഫലമായി അതിർത്തി കടന്നുവരാതെ സംരക്ഷിക്കുകയും ഉണ്ടായി. വണ്ടിക്കടവ്, ഗോളൂർ, ശ്ലിക്കൽ, ദൊഡ്ഡക്കുളസ്സി, മാടപ്പള്ളിപ്പാറ, എല്ലക്കൽ, രാമ്പൂർ എന്നീ ഭാഗങ്ങൾ ഇപ്പോഴും കാട്ടുതീ ഭീഷണി നേരിടുന്നു. വനത്തിന്റെ വളരെ ചെറിയ ഒരു ഭാഗം |

അതിർത്തിയിൽ മാത്രമെ ഫയറെഞ്ചിൻ എത്തിപ്പെടുവാൻ കഴിയുകയുള്ളു. അതിനാൽ ഭൂരിഭാഗം അതിർത്തിയിലും ഫോർവീലുള്ള ജീപ്പുകളും, ക്യാമ്പറുകളും ഉപയോഗിച്ച് വനപാലകരെ പലഭാഗങ്ങളിൽ എത്തിച്ചശേഷം അവിടെ നിന്നും കാൽനടയായി അതിർത്തി ഭാഗങ്ങളിൽ എത്തിയാണ് കാട്ടുതീ കെടുത്തിക്കൊണ്ടിരിക്കുന്നത്.
അതിർത്തികളിൽ 10.40 മീറ്റർ വിസ്തൃതിയിൽ ഫയർലൈൻ നിർമ്മിച്ച് നിയന്ത്രിച്ചു വരുന്നു.

കാട്ടുതീ തടയുന്നതിനായി ഫീൽഡ് ജീവനക്കാർ പെട്രോളിങ്ങ് നടത്തുന്നുണ്ട്. ഫയർ ലൈൻ നിർമ്മിക്കുകയും ഫയർ വാച്ചർമാർ, ഫയർഗാങ് എന്നിവരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടുതീ ബോധവൽക്കരണ ക്യാമ്പ് വനത്തിനോട് ചേർന്ന പ്രദേശങ്ങളിലും, ആദിവാസി കോളനികളിലും, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുമായി സംഘടിപ്പിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ കൺട്രോൾ റൂം പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. എസ്.എം.എസ് അലർട്ട് സിസ്റ്റം വഴി സ്റ്റാഫുകൾക്കും ഫയർ വാച്ചർമാർക്കും, പൊതുജനങ്ങൾക്കും സന്ദേശം നൽകി വരുന്നു. ബോധവൽക്കരണവുമായി ബന്ധപ്പെട്ട്, 600 ഓളം സ്കൂൾ കുട്ടികളെ ഉപയോഗിച്ച് നോട്ടീസ്, വിതരണം നടത്തുകയും ബാനർ ബോർഡ് എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടുതീ ബോധവൽക്കരണത്തിനായി തിയേറ്ററുകളിൽ സ്ലൈഡുകൾ പ്രദർശിപ്പിച്ചുവരുന്നുണ്ട്.

| | | |
|---|---|---|
| | | വാച്ചർമാർക്കും, സ്റ്റാഫിനും, ഷൂ, ഫയർബീറ്റർ, സ്പ്രെയർ, വാട്ടർ ബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ഫയർ ഫൈറ്റിങ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോമാക് പമ്പ്സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവ നൽകിയിട്ടുണ്ട്. |
| (സി) | കാട്ടുതീ തടയുന്നതിന് അത്യാധുനിക ഉപകരണങ്ങൾ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) കാട്ടുതീ തടയുന്നതിന് നിലവിൽ ലഭ്യമായ, കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളായ battery operated sprayers, High tech 16 Ltr. Manual Sprayers, Force gun, Oleo mac Sprayer with 708 petrol engine, Honda made 5 Hp engine coupled high pressure sprayer, pump set എന്നിവ വാങ്ങി അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ